തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) ബോർഡ് തലത്തിൽ വിലയിരുത്താറുണ്ട്. ഓരോ മാസവും ജില്ലാ ഓഫീസുകളിൽ നിന്ന് കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസിൽ ലഭിക്കുന്ന റിപ്പോർട്ടുകൾ പരിശോധിച്ച് ജില്ലയിലെ പ്രവർത്തനങ്ങൾ വിലയിരുത്തി വരുന്നുണ്ട്. രണ്ട് മാസത്തിലൊരിക്കൽ വെൽഫെയർ ഫണ്ട് ഓഫീസർമാരുടെ യോഗം ചേരുകയും, അംഗങ്ങളുടെ രജിസ്ട്രേഷൻ, അംശദായ അടവ്, ഭൂവുടമാ വിഹിതത്തിന്റെ വരവ്, ആനുകൂല്യ വിതരണം എന്നിവയുടെ വിവരങ്ങൾ വിലയിരുത്തി വരുന്നുണ്ട്. ഇതുകൂടാതെ ക്ഷേമനിധി ബോർഡ് യോഗം ചേർന്ന് ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.

(ബി) കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് നേരിട്ടുകൊണ്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധിമൂലമാണ് യഥാസമയം തൊഴിലാളികൾക്ക് ആനുകൂല്യം നൽകാൻ കഴിയാത്തത്. മുടങ്ങിക്കിടക്കുന്ന ആനുകൂല്യങ്ങൾ നൽകുന്നതിനായി ഏകദേശം 234.35 കോടി രൂപ ആവശ്യമാണ്.

(സി) 30-9-2015-ലെ കണക്കുകൾ പ്രകാരം വിവിധ ആനുകൂല്യങ്ങൾ നൽകുവാൻ 301598 അപേക്ഷകൾ കുടിശ്ശികയായിട്ടുണ്ട്. കുടിശ്ശിക വിതരണം ചെയ്യുന്നതിലേക്കായി ധനസഹായം അനുവദിക്കുന്നതിന് ബോർഡ് സമർപ്പിച്ച ശിപാർശ സർക്കാരിന്റെ പരിശോധനയിലാണ്.

(ഡി) ഉണ്ട്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അതിവർഷാനുകൂല്യം വിതരണം ചെയ്യുന്നതിന് സർക്കാർ ആവശ്യമായ ഫണ്ട് ലഭ്യമാക്കണമെന്ന് ഒരു പരാതിയിന്മേൽ തീർപ്പ് കൽപ്പിക്കവേ ബഹു.മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആനുകൂല്യ കുടിശ്ശിക വിതരണം ചെയ്യുന്നതിന് ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

തെറ്റായ ആരോഗ്യ ചോദന

24 (*84) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും തരത്തിലുള്ള രോഗാവസ്ഥ അനുഭവപ്പെടുന്നവരുടെ എണ്ണത്തിലെ അനുപാതം ദേശീയ ശരാശരിയെക്കാൾ കേരളത്തിൽ കൂടുതലാണെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള പ്രത്യേക കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വകാര്യ മേഖലയിൽ വർദ്ധിച്ചുവരുന്ന സ്പെഷ്യലിസ്റ്റ് ആശുപത്രികളും ഹൈടെക് ലബോറട്ടറികളുമൊക്കെ സമൂഹത്തിലുണ്ടാക്കുന്ന തെറ്റായ ആരോഗ്യ ചോദന (ഹെൽത്ത് ഡിമാൻറ്) ഇതിന് ഒരു കാരണമാവുന്നുണ്ടെന്ന അഭിപ്രായ ഗതിയെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) കേരള സമൂഹത്തിൽ മോഡേൺ മെഡിസിൻ വിഭാഗം നടത്തുന്ന തള്ളിക്കയറ്റവും അതുമൂലം ഉടലെടുക്കുന്ന അമിത ആരോഗ്യ മുൻകരുതലുകൾ സൃഷ്ടിക്കുന്ന അവസ്ഥാ വിശേഷവും ചികിത്സാ രംഗത്ത് അനിവാര്യമാവുന്ന അമിത സാമ്പത്തിക ഭാരവും ഒഴിവാക്കുന്നതിനുള്ള പ്രായോഗിക നടപടികളെക്കുറിച്ച് ആലോചിക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) ശിശുമരണനിരക്ക്, മാതൃമരണനിരക്ക്, ആയുർ ദൈർഘ്യം തുടങ്ങിയ ആരോഗ്യ സൂചികകളിൽ കേരളം ദേശീയ ശരാശരിയെക്കാൾ ഏറെ മുന്നിലാണെങ്കിലും പ്രമേഹം, രക്താദിസമ്മർദ്ദം, ഹൃദ്രോഗം, പക്ഷാഘാതം തുടങ്ങിയ ജീവിത ശൈലീ രോഗങ്ങൾ കേരളത്തിൽ വർദ്ധിച്ചുവരുന്നതായിട്ടാണ് വിവിധ പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. വർദ്ധിച്ചുവരുന്ന നഗരവൽക്കരണം, ജീവിതശൈലിയിൽ വന്ന പാശ്ചാത്യവൽക്കരണം, മദ്യം, പുകയില തുടങ്ങിയ ലഹരികളോടുള്ള ആസക്തി, തൊഴിൽപരമായും വിദ്യാഭ്യാസപരമായിട്ടുള്ള മത്സരബുദ്ധി, മാനസിക പിരിമുറുക്കം തുടങ്ങിയ നിരവധി കാരണങ്ങൾ ഈ രോഗങ്ങൾ വർദ്ധിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഇതിൽ അനാരോഗ്യകരമായ ഭക്ഷണ രീതികളും കുറഞ്ഞു വരുന്ന വ്യായാമശീലവും വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗവും പ്രധാന കാരണങ്ങളായി കണക്കാക്കാവുന്നതാണ്.

(ബി) മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സ്വകാര്യ മേഖലയിൽ സ്പെഷ്യാലിറ്റി ആശുപത്രികളും ലബോറട്ടറികളും വർദ്ധിച്ചു വരുന്നുണ്ട്. സ്വകാര്യ ആശുപത്രികൾ, ലബോറട്ടറികൾ, നഴ്സിംഗ് ഹോമുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയ്ക്കുവേണ്ടി 'ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ' സർക്കാരിന്റെ സജീവ പരിഗണനയിൽ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരളത്തിൽ മോഡേൺ മെഡിസിനിൽ ജനങ്ങൾക്കുള്ള വിശ്വാസ്യത അനുദിനം വർദ്ധിച്ചുവരുന്ന ആശുപത്രികളുടെ എണ്ണം കൊണ്ടും ഓരോ ആശുപത്രികളിലും അനുഭവപ്പെടുന്ന ജനബാഹുല്യം കൊണ്ടും മനസ്സിലാക്കാവുന്നതാണ്. പകർച്ച വ്യാധികളും ജീവിതശൈലീരോഗങ്ങളും ഒരുപോലെ കേരളത്തിലെ ആരോഗ്യ മേഖലയിൽ വെല്ലുവിളികൾ സൃഷ്ടിക്കുമ്പോൾ സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലുമുള്ള മോഡേൺ മെഡിസിൻ ആശുപത്രികളിൽ ഒരുപോലെ ജനങ്ങളുടെ തള്ളിക്കയറ്റം ഉണ്ടാവുകയും തൽഫലമായി ചികിത്സാ ചിലവ് വർദ്ധിക്കുന്നുവെന്നതും ഒരു വസ്തുതയാണ്. സർക്കാർ മേഖലയിലുള്ള ആശുപത്രികളിൽ ചികിത്സാ ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി ജനറിക് മരുന്നുകളുടെ ഉപയോഗം സർക്കാർ ആശുപത്രികളിൽ കർശനമാക്കി. ആർ.ബി.എസ്.കെ./ആരോഗ്യകിരണം തുടങ്ങിയ പദ്ധതികളിലൂടെ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സയും ജെ.എസ്.എസ്.കെ. യിലൂടെ ഗർഭിണികൾക്കും നവജാത ശിശുക്കൾക്കും സൗജന്യ ചികിത്സയും ഉറപ്പാക്കിയിട്ടുണ്ട്. സുകൃതം പദ്ധതിയിലൂടെ ബി.പി.എൽ. വിഭാഗത്തിലുള്ള ക്യാൻസർ രോഗികൾക്ക് സൗജന്യ ചികിത്സയും ആർ.എസ്.ബി.വൈ-ചിസ്/ചിസ് പ്ലസ്/ കാരുണ്യ തുടങ്ങിയ പദ്ധതികളിലൂടെ സാമ്പത്തിക സഹായവും ജനങ്ങൾക്ക് നൽകി വരുന്നു. രോഗം വരാതെ നോക്കുന്നതിനുള്ള മുൻകരുതൽ എന്ന നിലയ്ക്ക് പ്രതിരോധ കുത്തിവയ്പുകൾ പ്രതിരോധ മരുന്നുകൾ എന്നിവയും ആരോഗ്യ വകുപ്പ് നൽകി വരുന്നു. പരിസര ശുചിത്വം, Source reduction activities എന്നിവയിലൂടെ പകർച്ചവ്യാധി നിയന്ത്രണവും ജീവിതശൈലീ രോഗനിയന്ത്രണ ക്ലിനിക്കിലൂടെ ജീവിതശൈലീ രോഗങ്ങളും നിയന്ത്രിച്ചുവരുന്നു. വാർഷിക വരുമാനം മൂന്നുലക്ഷം രൂപവരെയുള്ള രോഗികൾക്ക് ആരോഗ്യ വകുപ്പിൽനിന്നും ചികിത്സാ ധനസഹായം നൽകുന്നതിനായി 'സൊസൈറ്റി ഫോർ മെഡിസിൻ അസിസ്റ്റൻസ് ടു ദി പൂവർ' എന്ന പദ്ധതി നിലവിലുണ്ട്. ആരോഗ്യ വകുപ്പുമന്ത്രിയുടെ ക്ഷേമനിധിയിൽ നിന്നും 3 ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ളവർക്ക് മാരകമല്ലാത്തതും എസ്.എം.എ.പി. പദ്ധതിയിൽ ഉൾപ്പെടാത്ത മാരകമായ രോഗങ്ങൾക്കും പരമാവധി 2000 രൂപ ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്.

ഉത്തരവാദിത്വ ടൂറിസം പദ്ധതി

25 (*85) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്വ ടൂറിസം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly.